(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ജപ്പാൻ സഹായത്തോടെ കേരളത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

79 (971) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹകരണത്തോടെ കേരളത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നത് ; ഈ പദ്ധതികളിലൂടെ കുടിവെള്ള വിതരണം എന്നു മുതൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതികളുടെ മൊത്തം എസ്റ്റിമേറ്റ് സംഖ്യ എത്ര ; ഇതിൽ ജപ്പാൻ ബാങ്ക് നൽകുന്ന സഹായമെത്ര ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒപ്പുവെച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൺസൾട്ടൻസിയെ ഏത് മാനദണ്ഡമനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റും ജെ. ബി. ഐ. സി. യുമായി 25-2-1997-ൽ ഒപ്പു വച്ച കരാർ പ്രകാരം 5 പദ്ധതികളാണ് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കുന്നത്. ഈ അഞ്ച് പദ്ധതികളും സമാന്തരമായിട്ടാണ് നടപ്പിലാക്കുക. കരാർ വ്യവസ്ഥ അനുസരിച്ച് പദ്ധതിയുടെ നിർവ്വഹണത്തിന് അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടൻസി നിയമനത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(ബി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ താഴെ പറയുന്ന 5 പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

2. മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കൊല്ലം ജില്ല)
3. ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (ആലപ്പുഴ ജില്ല)
4. കോഴിക്കോട് നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി
5. പട്ടുവത്തിനും സമീപ-ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കണ്ണൂർ ജില്ല)

2003-ൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച് 2006-2007-ൽ ശുദ്ധജല വിതരണം ആരംഭിക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പദ്ധതികളുടെ മൊത്തം മതിപ്പുചെലവ് 1,787.45 കോടി രൂപയാണ്. ഇതിൽ വായ്പയായി ലഭിക്കാവുന്ന പരമാവധി തുക 1,519.38 കോടി രൂപയാണ്.

(ഡി) ജെ. ബി. ഐ. സി. യും കേന്ദ്ര ഗവൺമെന്റും തമ്മിലാണ് വായ്പ കരാർ ഒപ്പുവച്ചിട്ടുള്ളത്. പ്രധാന വ്യവസ്ഥകൾ അനുബന്ധം I ൽ ചേർത്തിട്ടുണ്ട്.†

(ഇ) കൺസൾട്ടൻസിയെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. കൺസൾട്ടൻസിയെ തെരഞ്ഞെടുത്ത് അവരുമായി കരാർ ഒപ്പു വച്ചു. ഈ കരാർ ജെ. ബി. ഐ. സി. യുടെ അംഗീകാരം ലഭിക്കുന്നതോടുകൂടി മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൺസൾട്ടൻസിയെ നിയമിക്കുന്നതിനുള്ള മാനദണ്ഡം താഴെ പറയുന്നവയാണ്.

ശുദ്ധജലവിതരണ പദ്ധതികളുടെ കൺസൾട്ടൻസി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള കമ്പനികളുടെ പൊതുവായ മുൻപരിചയവും കഴിഞ്ഞ 10 വർഷങ്ങളിൽ നടപ്പിലാക്കിയ 6 പ്രോജക്ടുകളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിചയവും, ഇപ്പോഴത്തെ പദ്ധതി നടത്തിപ്പിൽ വരുത്തുവാൻ നിയോഗിക്കുന്ന അന്തർദേശീയ/ദേശീയ സ്റ്റാഫിന്റെ വിദ്യാഭ്യാസ യോഗ്യതകളും മുൻപരിചയവും, പദ്ധതി നടപ്പിൽ വരുത്തുവാൻ അവലംബിക്കുന്നവർക്ക് പ്ലാൻ ആന്റ് മെത്തോഡോളജി എന്നിവയാണ് വിശദമായ സാങ്കേതിക വിലയിരുത്തൽ നടത്തുന്നതിന് പ്രതിപാദിച്ചിരുന്ന മാനദണ്ഡങ്ങൾ. ടെക്നിക്കൽ ബിഡ്ഡുകളുടെ മൂല്യനിർണ്ണയത്തിന് ജെ. ബി. ഐ. സി. അംഗീകാരം ലഭിച്ചശേഷം, ടെക്നിക്കൽ ബിഡ്ഡുകളുടെ മൂല്യ നിർണ്ണയത്തിൽ ഒന്നാം റാങ്ക് ലഭിച്ച കൺസൾട്ടന്റിന്റെ ഫൈനാൻഷ്യൽ പ്രൊപ്പോസൽ തുറന്ന് അവരുമായി "കോൺട്രാക്ട് നെഗോസേഷ്യൻ" ആരംഭിക്കണം. കോൺട്രാക്റ്റ് വ്യവസ്ഥകളും കൺസൾട്ടൻസി കോസ്റ്റും (cost) സംബന്ധിച്ച കാര്യങ്ങളാണ് നെഗോഷ്യേഷനിൽ ചർച്ച ചെയ്ത് നിശ്ചയിക്കേണ്ടത്. നെഗോഷ്യേഷൻ ചർച്ചകൾ സ്വീകാര്യമായ രീതിയിൽ പൂർത്തികരിക്കപ്പെടുന്ന പക്ഷം ആ കൺസൾട്ടിംഗ് സ്ഥാപനവുമായി കോൺട്രാക്റ്റ് ഒപ്പു വയ്ക്കുകയും കോൺട്രാക്റ്റിന് ജെ. ബി. ഐ. സി. യുടെ അനുമതി ലഭിച്ചശേഷം പ്രാബല്യത്തിൽ വരികയും ചെയ്യും.

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly